"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിന്മേൽ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1718/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/09/2020

പരാമർശം:- 1 14.08.2019 തീയതിയിലെ സ.ഉ.(സാധാ.) നം.1763/2019/ത.സ.ഭ.വ.

2 ശ്രീ.രഘുരാമൻ സമർപ്പിച്ച 30.08.2019 തീയതിയിലെ അപ്പീൽ അപേക്ഷ.

3 നഗരകാര്യ ഡയറക്ടറുടെ 22.05.2020 തീയതിയിലെ വി.3-19207/17 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ 19- ാം വാർഡിൽ സപ്തവർണ്ണ ബിൽഡേഴ്സ് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ ശ്രീ.അരവിന്ദാക്ഷൻ എന്നവ്യക്തി ഗുരുവായൂർ നഗരസഭയിൽ സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 11/07/2016 ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, പരാമർശം ഒന്ന് പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീ.രഘുരാമൻ പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഒന്നാം പരാമർശിത ഉത്തരവ് പുന:പരിശോധിച്ച്, നീതിപൂർവ്വമായ ഒരു തീരുമാനത്തിലൂടെ തടയപ്പെട്ട ടിയാന്റെ ഇൻക്രിമെന്റ് പുന:സ്ഥാപിച്ച നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

3. ടി അപ്പീൽ അപേക്ഷയിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം ചുവടെ ചേർക്കുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

ശ്രീ.രഘുരാമൻ 21/06/2012 മുതൽ 27/10/2012 വരെയും 04/11/2013 മുതൽ 23/11/2016 വരെയുമാണ് ഗുരുവായൂർ നഗരസഭയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളത് . സപ്തവർണ്ണ ബിൽഡേഴ്സിന്റെ കെട്ടിട നിർമ്മാണത്തിന് ബഹു . ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 05/04/2013- ന് പെർമിറ്റ് അനുവദിക്കുകയും 04/07/2015- ന് ആയതിന്റെ പ്ലാൻ റിവൈസ് ചെയ്ത് അനുമതി നൽകിയിട്ടുള്ളതുമാണ് . ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുള്ളത് ശ്രീ . രഘുരാമൻ ഗുരുവായൂർ നഗരസഭ സെക്രട്ടറിയായിരുന്ന കാലയളവിലല്ലായെന്ന് വ്യക്തമാണ് . ആരോപണവിധേയമായ കെട്ടിടത്തിന്റെ പെർമിറ്റ് കാലാവധി 04/04/2016- ൽ അവസാനിച്ച ശേഷം പെർമിറ്റ് പുതുക്കുന്നതിന് 12/02/2016- ൽ നൽകിയ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാത്തത് എഞ്ചിനിയറിഗ് വിഭാഗത്തിലെ ജീവനക്കാരുടെ വീഴ്ചയാണെന്നും , ഫയൽ യഥാസമയം പരിശോധിച്ച സെക്രട്ടറിക്ക് മുൻപിൽ എത്തിക്കേണ്ട എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ വീഴ്ച കാരണം ഫയൽ

സെക്രട്ടറിക്ക് മുൻപിൽ എത്തിയിട്ടില്ലെന്നും പെർമിറ്റ് കാലാവധി അവസാനിപ്പിച്ച ശേഷം ടി കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ ആയത് റിപ്പോർട്ട് ചെയ്യേണ്ട , ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനായ ബിൽഡിംഗ് ഇൻസ്പെക്ടർ സെക്രട്ടറി മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും അപ്രകാരം റിപ്പോർട്ട് ചെയ്താൽ മാത്രമേ നഗരസഭാ സെക്രട്ടറിയ്ക്ക് അനധികൃത നിർമ്മാണം തടയുവാൻ സാധിക്കുകയുള്ളൂ എന്ന ശ്രീ.രഘുരാമന്റെ അപ്പീൽ അപേക്ഷയിലെ വാദം അംഗീകരിക്കാവുന്നതും അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർ ട്ടിലെ ശുപാർശയും ശ്രീ.രഘുരാമൻ സമർപ്പിച്ച അപ്പീൽ അപേക്ഷയും കണക്കിലെടുത്ത് ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കിയ നടപടി പുന:പരിശോധിച്ച് ടിയാനെ ശിക്ഷാ നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. അപ്രകാരം ശ്രീ.രഘുരാമന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്-**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ശ്രീ.രഘുരാമൻ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ